


Right to information Act

ബഹുമാനപ്പെട്ട പ ... ാഫീസർ മുമ്പാകെ,

P-2055/16

ജോർജ്ജുകുട്ടി, [illegible] (വീട), കരിമ്പാനി പി.ഒ., അയർക്കുന്നം വഴി, കോട്ടയം ജില്ല, പിൻ:686564 സമർപ്പിക്കുന്ന വിവരാവകാശം.

## ആമുഖം

സർ,

അങ്ങയെ ബുദ്ധിമുട്ടിക്കുന്നതിന് വേണ്ടിയല്ല മറിച്ച് യാതൊരു നിവൃത്തിയുമില്ലാത്തതിന്റെ പേരിൽ മാത്രമാണ് ഈ വിവരാവകാശം ആവശ്യപ്പെടുന്നത്. 2014 മെയ് മാസം മുതൽ 2016 സെപ്റ്റംബർ വരെ പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ പ്രകാരം ഞാൻ ജോലി ചെയ്ത് വരുകയായിരുന്നു. എന്റെ ഔദ്യോഗിക ജീവിതത്തിൽ ഇത്രയും മോശമായ ഒരു ഓഫീസ് ഞാൻ കണ്ടിട്ടില്ല. അവിടുത്തെ ഒ.എ., എച്ച്.എ. എന്നിവരൊഴികെ എല്ലാ ജീവനക്കാരും വളരെ മോശമായിരുന്നു. വളരെ അപമര്യാദയായിട്ടായിരുന്നു എന്നോട് പെരുമാറിക്കൊണ്ടിരുന്നത്. അഞ്ച് മാസക്കാലം ഒബ്സർവേഷൻ ഹോം സൂപ്രണ്ടായി ഞാൻ ചുമതലയേറ്റപ്പോഴാണ് ഇവരുടെ തനിനിറം എനിക്ക് ബോദ്ധ്യപ്പെട്ടത്. ട്രഷറി ഓഫീസർ പോലും അംഗീകരിച്ച് വേണ്ടത്ര തിരുത്തലുകൾ നൽകി തന്നിരുന്ന ബില്ലുകൾ പോലും ചാല അവറുകൾ വെട്ടിത്തിരിത്തി കുറ്റപ്പെടുത്തി കൗണ്ടർ സൈൻ ചെയ്യാതെ ദ്രോഹിച്ചിരുന്നു. ഇതേ അഭ്യാസം തന്നെയായിരുന്നു ജലജയുടെ ആശീർവാദത്താൽ മഹിളാ മന്ദിരം സൂപ്രണ്ടിനോടും ചെയ്തിരുന്നത്. ഞാൻ ക്രിസ്ത്യാനി ആയതിന്റെ പേരിലും ജെ.ജെ. വിങ്ങിൽ നിന്നും വന്നതുകൊണ്ടുമുള്ള വൈരാഗ്യം തീർക്കുകയായിരുന്നു അജീഷ്, ചാല, രതീഷ്, മാജ എന്നിവർ. ജോർജ്ജുകുട്ടിക്ക് ആഴ്ചയിൽ മൂന്ന് ദിവസം സൂപ്രണ്ടുദ്യോഗം, മൂന്ന് ദിവസം ജില്ലാ ആഫീസിൽ. നവാബിന് സൂപ്രണ്ടും, കെയർടേക്കറുമായി ആകെ ആഴ്ചയിൽ മൂന്ന് ദിവസം ഇതായിരുന്നു ജലജ അവറുകളുടെ ഉത്തരവ്.

മേലധികാരിയെന്ന് പലപ്രാവശ്യം ആവർത്തിച്ച് ജലജ എനിക്ക് കത്തുകളും താക്കീതുകളും തന്നിരുന്നു. ഞാൻ സ്വതന്ത്ര്യനായ ഒരുവ്യക്തിയാണ്. എന്റെ മേൽ ഒരാൾക്കും യാതൊരു അധികാരവുമില്ല. ചാല ഏഷണി കൂട്ടി വർഗ്ഗീയത കാണിച്ച് ഓഫീസിൽ അസ്വസ്തത സൃഷ്ടിക്കുകയായിരുന്നു. അജീഷ് എന്നോട് പറഞ്ഞു മതിയായ സ്വാധീനത്തോടുകൂടിയാണ് ഞാൻ പത്തനംതിട്ടിയിൽ ഇരിക്കുന്നതെന്നും ഇത് കോട്ടയമല്ലെന്നും പത്തനംതിട്ടയാണെന്നും സമയം വച്ച് ഒപ്പ് വയ്ക്കണമെന്നും എന്നോട് പറഞ്ഞു. പതിനൊന്ന് മണിക്ക് വന്നിട്ട് പത്തരക്ക് വരുന്നവരോട് സമയം വച്ച് ഒപ്പ് വയ്ക്കുവാൻ പറയാൻ അയാൾക്ക് എന്ത് ധാർമ്മികതയാണുള്ളത്? പത്തനംതിട്ടയും കോട്ടയവും ഒരുത്തന്റെയും കുടുംബസ്വത്തല്ലെന്നും എല്ലാവരും വീടിനടുത്ത് സ്വാധീനത്തോടുകൂടി ഇരിക്കുന്നവരല്ലെന്നും ചാലയും അജീഷും രതീഷുമൊക്കെ ഓർക്കുന്നത് നല്ലതാണ്. ചന്ദ്രമോഹനനെ ആലപ്പുഴക്ക് വിട്ടിട്ട് എസ്.ഇ.യു. വിൽ സ്വാധീനം ചെലുത്തി എസ്.എസ്. അജീഷ് പത്തനംതിട്ടയിൽ വന്നു. ഇപ്പോൾ കെ.ജി.ഒ യിൽ ചേർന്ന് വീണ്ടും പത്തനംതിട്ടിയിൽ ഇരിക്കുന്നു. എന്തൊരു രസം. ആ ഓഫീസിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം ചാല, രതീഷ് എന്നിവരാണ്. ടൈപ്പിസ്റ്റ് രതീഷ് എന്നെ ഒരുപാട് ദ്രോഹിച്ചിട്ടുണ്ട്. സ്വജനപക്ഷപാതം മാത്രം കൈമുതലായുള്ള ചാല എനിക്ക് സസ്പെൻഷൻ കിട്ടിയിട്ടുണ്ടെന്ന് എല്ലാവരോടും പറഞ്ഞ് നടക്കുന്നു. ഞാൻ നിരപരാധിയാണെന്നും സസ്പെൻഷൻ തെറ്റായിരുന്നെന്നും ടി കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവായതും ചാല അറിഞ്ഞിട്ടില്ല. ഓഫീസിൽ പലപ്രാവശ്യം വന്ന എനിക്ക് അജീഷ്, ചാല, രതീഷ്, മാജ എന്നിവർ ജലജയുടെ നേതൃത്വത്തിൽ ആപ്സന്റിട്ട് ഹാജർ ബുക്ക് ഒളിച്ച് വച്ച് പ്രതികാരം ചെയ്തിട്ടുണ്ട്.

ലോചന ഉണ്ട്. പാവപ്പെട്ട 'സുധന്‍'നെ 30 വര്‍ഷത്തിലധികം ജോലി ചെയ്തവനെ ഓഫീസ് വൃന്ദം ഗൂഢാലോചന നടത്തി പുറത്താക്കി. അതിന് ശേഷം സുധന്റെ മകളെ ഇവരുടെ അടിമവേല ചെയ്യിക്കുന്നതിനായി ഓഫീസില്‍ നിര്‍ത്തിയിരിക്കുകയാണ്. ചംലക്ക് വണ്ടിയോടിച്ച് വരുന്നതിന് യാതൊരു പ്രയാസവുമില്ല. ഭക്ഷണം കഴിച്ച പാത്രം പാവപ്പെട്ട പെണ്ണിനെക്കൊണ്ട് കഴികിക്കുന്നത് മനുഷ്യാവകാശ ലംഘനമല്ലാതെ മറ്റെന്താണ്. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ സൂര്യനമ്പൂദിരിയെപ്പോലെ അജീഷ് ആഫീസില്‍ വരുന്ന സ്ത്രീ ജനങ്ങളോട് പെരുമാറുന്നതും എസ്.എസ്., ജെ.എസ്. എന്ന വിളികളുടെ ബഹളവും, അഴിമതികളുമല്ലാതെ ആ ഓഫീസില്‍ മറ്റൊന്നുമില്ല. സ്വന്തം ജില്ലയില്‍ സ്വാധീനം ചെലുത്തി വാചകമടിച്ച് യാതൊരു ജോലിയും ചെയ്യാതെ മാധ്യമപത്രം വായനയും ഉറക്കവും വേലവെപ്പുമല്ലാതെ മറ്റെന്തെങ്കിലും ജോലി ഈ മഹാത്മാവ് ചെയ്യാറുണ്ടോ? വികലാംഗയെന്ന ഒറ്റ കാരണത്താല്‍ ജോലി ലഭിച്ചു. പി.എസ്.സി വഴി വന്ന യോഗ്യരായവരെ വിധിക്കുന്നു, പരിഹസിക്കുന്നു. ആകയാല്‍ നന്നായി ജോലി ചെയ്തുകൊണ്ടിരുന്ന രംഗരാജ്, നിസ്സ എന്നിവരൊഴിച്ചുള്ളവരെ അവിടെ നിന്ന് സ്ഥലംമാറ്റുന്നതിന് അങ്ങ് ശുപാര്‍ശചെയ്യണമെന്ന് താഴ്മയായി അപേക്ഷിക്കുന്നതോടൊപ്പം

<u>വിവരാവകാശ നിയമപ്രകാരം</u>

1. 2014 ആഗസ്റ്റ് മാസം സി.ഡബ്ല്യു. ആയ ജോര്‍ജ്ജുകുട്ടി കാസര്‍കോഡ് ജില്ലാ കോടതിയില്‍ പോയ ടി. എ. ബില്ലിന്റെ സ്ഥിതി എന്തായി? അത് ഇത്രയും നാളായിട്ടും അജീഷും ചംലയും വച്ച് താമസിപ്പിച്ചത് എന്തുകൊണ്ട്? ജില്ലാ ഓഫീസറായിരുന്ന ജലജ പാസ്സാക്കിയ ടൂര്‍ നോട്ടിന്റെ കോപ്പി എനിക്ക് അയച്ച് തരണമെന്ന് അപേക്ഷിക്കുന്നു. ആയതിന്റെ പാസ്സാക്കിയ കോപ്പിയും എനിക്ക് തരണമെന്നും വിവരം അറിയിക്കണമെന്നും അപേക്ഷിക്കുന്നു.

2. ഒ.എച്ച്. കെയര്‍ടേക്കര്‍ നവാബിന്റെ ട്രാന്‍സ്ഫര്‍ ടി.എ., സി.ഡബ്ല്യു.ഐ. ജോര്‍ജ്ജുകുട്ടി കാസര്‍ഗോഡ് ടി. എ. ബില്ലിനോടൊപ്പം സമര്‍പ്പിച്ചതാണ്. ആയതിന്റെ സ്ഥിതി എന്തായി. ചംല പ്രത്യേക താല്‍പര്യമെടുത്ത് നവാബിന്റെ ട്രാന്‍സ്ഫര്‍ ടി.എ. സൂപ്രണ്ട് ചാര്‍ജ്ജ് അലവന്‍സ് എന്നിവ നല്‍കിയെന്ന് കേട്ടു. ശരിയാണോ? ആണെങ്കില്‍ ജോര്‍ജ്ജ് കുട്ടിയോട് കാണിച്ചത് മര്യാദയാണോ?

3. ആഗസ്റ്റ് 2016 ലെ റിവ്യൂ മീറ്റിങ്ങിന്റെ അന്ന് എസ്.എസ്. അജീഷ് എത്രമണി സമയത്താണ് ജില്ലാ സാമൂഹ്യനീതി ആഫീസില്‍ ഹാജരായത്. ആയതിന്റെ പഞ്ചിങ്ങ് കോപ്പി ലഭ്യമാക്കുക.

എന്ന്
വിനീത വിധേയന്‍

ജോര്‍ജ്ജുകുട്ടി

കരിമ്പാനി
15.11.2016